ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

തൂണേരി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-18

---------------------------------------------

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ,കോഴിക്കോട്-20

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി7/2055/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ ,കോഴിക്കോട്

തീയതി. 20.10.2018

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പ്രസിഡന്റ് (സെക്രട്ടറി )മുഖേന

തൂണേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസി. ഡവലപ്പ്മെന്റ് കമ്മീഷണർ ജനറൽ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി. പി7/2055/18 തിയ്യതി 20.10.2018

## കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 02.05.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.പി ഉണ്ണികൃഷ്ണൻ ,ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08.08.2018 മുതൽ 23.08.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ മനേഹരൻ എ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ജാസിർ സി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ സി.എച്ച് ബാലകൃഷ്ണൻ | 01.04.2017മുതൽ 31.03.2018വരെ |
| സെക്രട്ടറി | കെ.കെ ലളിത-ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്) | 01.04.2017മുതൽ 30.04.2017വരെ |
| | പി.വി ബേബി ജോയിന്റ് ബി.ഡി.ഒ (ഹൌസിംഗ്) | 01.05.2017മുതൽ 04.05.2017വരെ |
| | ശ്രീ എ.ടി മനോജ് കുമാർ- ബി.ഡി.ഒ | 05.05.2017മുതൽ 31.12.2017വരെ |

| | | |
|---|---|---|
| | പി.വി ബേബി ജോയിന്റ് ബി.ഡി.ഒ(ഹൌസിംഗ്) | 01.01.2018 മുതൽ08.01.2018വരെ |
| | സുജാത എം-ബി.ഡി.ഒ | 09.01.2018മുതൽ 31.03.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി പി ശാന്തി | 01.04.2017 മുതൽ 30.06.2017 വരെ |
| | ശ്രീമതി ഡോളി പി (അഡീഷണൽ ചാർജ്) | 01.07.2017മുതൽ 31.07.2017 വരെ |
| | ശ്രീ കെ.എൻ ഇബ്രായി (അഡീഷണൽ ചാർജ്) | 01.08.2017 മുതൽ 31.08.2017വരെ |
| | ശ്രീമതി പി ശാന്തി | 01.09.2017മുതൽ18.09.2017 വരെ |
| | ശ്രീമതി ഷീല എസ് | 26.09.2017 മുതൽ30.10.2017വരെ |
| | ശ്രീമതി സുഷമ കെ.പി | 31.10.2017മുതൽ 30.03.2018 വരെ |
| സൂപ്രണ്ട് നാദാപുരം താലൂക്ക് ആശുപത്രി | ഡോ.ഗീത ഗുരുദാസ് | 01.04.2017മുതൽ 23.01.2018വരെ |
| | ഡോ.അരവിന്ദാക്ഷൻ | 24.01.2018 മുതൽ 31.03.2018വരെ |
| സൂപ്രണ്ട് താലൂക്ക് ഹോമിയോ ആശുപത്രി പുറമേരി | ഡോ.കെ ഹരീഷ് ബാബു | 01.04.2017മുതൽ 06.11.2017 വരെ |
| | ഡോ.അജി വിൽസൺ | 07.11.2017മുതൽ 21.03.2018വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി വളയം | ഡോ.ബിനോയ് ആന്റണി | 22.03.2018മുതൽ31.03.2018വരെ |
| | ഡോ.ശശീന്ദ്രൻ പി.കെ -മെഡിക്കൽ ഓഫീസർ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എക്സി.എഞ്ചിനിയർ | ശ്രീ കെ ദിലീപ് കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| സി.ഡി.പി.ഒ | ശ്രീമതി ഗിരിജ കുന്നമ്മൽ<br>ശ്രീമതി ഗായത്രി എസ്<br>ശ്രീമതി കൌസല്യ പി.കെ<br>ശ്രീമതി നബീസ കെ.പി | 01.04.2017 മുതൽ 08.09.2017 വരെ<br>09.09.2017 മുതൽ 20.10.2017 വരെ<br>21.10.2017 മുതൽ 07.12.2017 വരെ<br>08.12.2017 മുതൽ 31.03.2018 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ പത്മനാഭൻ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | ഭാഗം 1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | ക്യാഷ് പരിശോധന |
| 8 | 1-8 | ആഭ്യന്തരനിയന്ത്രണം |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | വാർഷിക കണക്കിലെ അപാകതകൾ |
| | | ഭാഗം 2 |
| 11 | 2-1 | ബജറ്റ് തയ്യാറാക്കിയതിൽ അപാകത – ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത തുകകകൾ ഉൾപ്പെടുത്തി. |
| 12 | 2-2 | വാർഷിക കണക്കിലെ അപാകതകൾ |
| | | ഭാഗം3 |
| 13 | 3-1 | ചെലവ് അധികൃതമാക്കുന്നതിലും മേൽ നോട്ട സംവിധാനങ്ങളിലും വീഴ്ച |
| 14 | 3-2 | പൊതുമരാമത്ത് പ്രവൃത്തികൾ – നിർവഹണം നടന്നില്ല. |
| 15 | 3-3 | ക്യാൻസർ നിർണ്ണയം – പ്രൊജക്ട് നടത്തിപ്പിൽ അപാകത |
| 16 | 3-4 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും, നിർവഹണത്തിലും മേൽ നോട്ടത്തിലും അപാകതകൾ – മരാമത്ത് പ്രവൃത്തികൾ ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ല. |

| | | |
|---|---|---|
| 17 | 3-5 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ – മരുന്നുകൾ മുഴുവൻ ലഭ്യമായില്ല. |
| | | ഭാഗം 4 |
| 18 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 19 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 20 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 21 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 22 | 4-5 | സ്ഥിരനിക്ഷേപം |
| 23 | 4-6 | ഓഡിറ്റ് റിക്കവറി |
| 24 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 25 | 4-8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം |
| 26 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 27 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.3.2017 തീയതിയിലെ 164/16-17 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.18 | 16.6.2018 | -- | -- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18.08.2018 | |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25522117.50 |
| വരവ് | 56736754 |
| ആകെ | 82258871.50 |
| ചെലവ് | 58266321 |

| | |
|---|---|
| നീക്കിയിരിപ്പ് | 23992550.5 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (RP 40b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 31955573 | 31955573 | 26847265 | 5108308 | |
| വികസന ഫണ്ട് (എസ്.സി.പി) | | 2128000 | 212800 | 1416851 | 711149 | |
| വികസന ഫണ്ട് (ടി.എസ്.പി) | | 1496000 | 1496000 | 1495878 | 122 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 4075000 | 4075000 | 3821284 | 253350 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 72 | 88169940 | 46 | 31740555 | 26 | 19 | 53 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2018ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം സംബന്ധിച്ച പരാമർശം ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ/തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.06.2017 മുതൽ 05.06.2017 വരെ | 2016-17 മുതൽ 30.05.2017വരെ | 81/A-11/DBA 2016/17/03/2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.12.2012 മുതൽ 31.12.2012 | 01.06.2009 മുതൽ 31.11.2012 വരെ | QA(HQ) 111/111 /12-136/12-13/455 DT 30/01/2013 |

## 1-10 വാർഷികകണക്കുകളിലെ അപാകതകൾ

ഉണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ സാക്ഷ്യപത്രം 31.08.2018 തീയതിയിലെ കെ.എസ്.എ.കെ.കെ.ഡി/ ഇ2 / 1111/ 2018 (81) നമ്പർ പ്രകാരം പുറപ്പെടുവിച്ചെങ്കിലും സാക്ഷ്യപത്രത്തിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിൽ അടിസ്ഥാന റേഷ്യോകൾ ,പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2) കേരളാ ഗ്രാമീൺ ബാങ്കിന്റെ ഉണേരി ശാഖയിലെ 040134100112891 നമ്പർ അക്കൗണ്ടിൽ ( NADAM ) 31.3.2018 ന് 1245365/- രൂപ നീക്കിയിരിപ്പുണ്ട്. എസ്.ജി.എസ്.വൈ സ്പെഷ്യൽ പ്രോജക്ട് അക്കൌണ്ട് ആണ് ഇത്. 31.03.2012ന് ശേഷം ഈ അക്കൗണ്ടിൽ ഇടപാടുകളില്ല. ഈ അക്കൗണ്ട് അവസാനിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും നിർദ്ദേശം തേടേണ്ടതും ആയതു പ്രകാരം പ്രവർത്തിക്കേണ്ടതുമാണ്.

3) ക്യാഷ് ബുക്ക്,ബാങ്ക് ബുക്ക് ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) വാർഷിക കണക്കിൽ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തിയിട്ടില്ല.

5) ഇൻവെസ്റ്റ് മെന്റ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ, അസറ്റ് രജിസ്റ്റർ,ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

6) കാലാവധി കഴിഞ്ഞ ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.ഇത്തരത്തിൽ 3 മാസത്തിലധികമായി കാലാവധി കഴിഞ്ഞ ചെക്കുകളിലായി 8 ചെക്കുകളിലായി 67839/- ഇത്തരത്തിൽ മാറ്റുവാനുണ്ട്.

7) സംയുക്ത പ്രോജക്ടുകൾക്കായി തുക ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ കാണിക്കുന്ന പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8) സ്റ്റാമ്പ് ,സ്റ്റേഷനറി എന്നിവയുടെ സ്റ്റോക്ക് ബാലൻസ് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

9) വൗച്ചറുകൾക്കൊപ്പം വൗച്ചർ പ്രിന്റ് എടുത്തു സൂക്ഷിച്ചിട്ടില്ല.

10)ലോൺ രജിസ്റ്റർ പ്രകാരം വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള I.A.Y ലോൺ വിഹിതം 1189242/- രൂപയാണ്.എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക 244917/- രൂപയാണ്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് തയ്യാറാക്കിയതിൽ അപാകത-ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത തുകകൾ ഉൾപ്പെടുത്തി

ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 28.3.17 തീയതിയിലെ 164/2016-17 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ബോർഡ് പാസാക്കിയിട്ടുണ്ട്. ബജറ്റ് വിശദമായി പരിശോധിച്ചതിൽ നിശ്ചിതമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടല്ല ഇത് പാസാക്കിയതെന്നും ഇതിന്റെ ഫലമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലല്ലാത്ത ഫണ്ടുകൾ കൂടി ബജറ്റിൽ പരിഗണിക്കപ്പെട്ടുവെന്നും വ്യക്തമാകുന്നു.കൂടാതെ വാർഷിക പദ്ധതി തയ്യാറാക്കി ഡി പി സി അംഗീകാരം വാങ്ങിയത് (30.5.17 നാണ് വാർഷിക പദ്ധതി അംഗീകരിച്ചത്)ബജറ്റ് പാസാക്കിയതിന് ശേഷമായ സാഹചര്യത്തിൽ, അംഗീകാരം കിട്ടിയ മുറയ്ക്ക് തന്നെ അനുസൃതമായ മാറ്റം ബജറ്റിൽ വരുത്തേണ്ടതായിരുന്നു. വരവ് ചെലവുകളിൽ വൻ വ്യതയാനം വന്നെങ്കിലും വർഷാവസാനവും ബജറ്റ് പുതുക്കിയിട്ടില്ല എന്ന ഗുരുതരമായ വീഴ്ചയും സംഭവിച്ചിട്ടുണ്ട്. അപാകതകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

1) നടപടി ക്രമങ്ങളിലെ വീഴ്ച

കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ -214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു.

(എ)ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

(ബി)സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം.ജനവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

(സി)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് വരുമാന സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

(ഡി) എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവാരത്തിന് മുമ്പായി സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

(ഇ) തൊട്ടടുത്ത വർഷത്തേക്കുള്ള പദ്ധതികളുടെ വിവരങ്ങൾക്ക് പുറമെ ബജറ്റിൽ മുൻ വർഷത്തെ യഥാർത്ഥ ചെലവ് നടപ്പുവർഷത്തെ അസ്സലും പരിഷ്ക്കരിച്ചതുമായ ബജറ്റ് എസ്റ്റിമേറ്റുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കി അംഗീകരിച്ചത്.

2).ബജറ്റുമായി ബന്ധപ്പെട്ട വിവരങ്ങൾ ഏതൊക്കെ ഫോറത്തിൽ ശേഖരിക്കണമെന്നും ഏതു ഫോറത്തിൽ അവതരിപ്പിക്കണമെന്നും 2.12.2016 തിയ്യതിയിലെ ആർ ടി 3291/2016 LSGD നം ഉത്തരവു പ്രകാരം പ്രാബല്യത്തിൽ കൊണ്ടുവന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനം ബജറ്റ് തയ്യാറാക്കിയത് നിശ്ചിതമായ ഒരു ഫോറത്തിലല്ല.അവ്യക്തമായ വിവരങ്ങളാണ് ബജറ്റ് വെളിവാക്കുന്നത്. എത്രത്തോളം ലാഘവം ഇക്കാര്യത്തിൽ കാണിച്ചുവെന്ന് ഇത് വ്യക്തമാക്കുന്നു.

3).ബജറ്റ് പ്രകാരം സ്ഥാപനത്തിന്റെ ആകെ പ്രതീക്ഷിത വരവ് 42.97 കോടി രൂപയും ചെലവ് 42.9 കോടിയുമായിരുന്നു. എന്നാൽ വാർഷികകണക്കുകൾ ആകെ വരവ് 5.64 കോടിയും 5.83കോടിയുമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. സ്ഥാപനത്തിന്റെ അധികാരത്തിൽ പെടാത്ത വരവ് ചെലവുകളും ലഭ്യമാകാൻ സാധ്യതയില്ലാത്ത ഇനങ്ങളിലെ വരവ് ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തിയതാണ് വൻ അന്തരത്തിന് കാരണമെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഇനം | വരവ്തുക | ചെലവ്തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | MGNREGS | 25.82 കോടി | 25.82 കോടി |
| 2 | സംയോജിത നീർത്തട പരിപാലനപദ്ധതി | 6.56കോടി | 6.56കോടി |
| 3 | മലയോര വികസന പദ്ധതി | 2.18കോടി | 2.18കോടി |

4) വികസന ഫണ്ടിന്റെ (ജനറൽ )കാര്യത്തിൽ ബജറ്റുപ്രകാരം പ്രതീക്ഷിച്ച വരുമാനത്തേക്കാൾ കൂടിയതുക സർക്കാർ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. 3.16 കോടി രൂപ പ്രതീക്ഷിച്ചപ്പോൾ 3.19രൂപ ബജറ്റ് വിഹിതമായി ലഭിച്ചു. എന്നാൽ പുതുക്കിയ ബജറ്റ് തയ്യാറാക്കാത്തതിനാൽ ബജറ്റ് ഇത് ഉൾക്കൊണ്ടിട്ടില്ലെന്നു കാണാം.

അർഹമായ പ്രാധാന്യംകൊടുക്കാതെ ബജറ്റ് തയ്യാറാക്കിയതിനുള്ള ഉത്തരവാദിത്വം പ്രധാനമായും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണുള്ളത്. മിനിട്സ് പരിശോധിച്ചതിൽ 14.3.17ന് ചേർന്ന യോഗത്തിൽ 2017-18 സാമ്പത്തികവർഷത്തെ ബജറ്റ് 28.3.17 ന് അവതരിപ്പിച്ച് ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിക്കാം എന്ന ഒറ്റ പരാമർശം മാത്രമാണ് ബജറ്റുമായി ബന്ധപ്പെട്ടുള്ളത്. ക്രമനം 1ൽ പരാമർശിച്ച ഉത്തരവാദിത്വങ്ങളൊന്നും തന്നെ നിർവ്വഹിക്കാത്തതിനുള്ള കാരണം സ്വയം വിമർശാത്മകമായി പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ കമ്മിറ്റി കൈക്കൊള്ളേണ്ടതുണ്ട്.

വസ്തുതാപരമല്ലാത്തരീതിയിൽ അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കാത്തതിനും മറ്റ് അപാകതകൾക്കും വിശദീകരണം നല്കാനാവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും മറുപടി നല്കിയിട്ടില്ല. സ്ഥാപനത്തിന്റെ ഉദ്യോഗസ്ഥ സംവിധാനത്തിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കും ഇക്കാര്യത്തിൽ തുല്യ പങ്കാളിത്തമുള്ള സാഹചര്യത്തിൽ അപാകതകൾക്കുള്ള കാരണം പരിശോധിച്ച് വിശദീകരണം നല്കേണ്ടതും, അപാകതകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച ക്രമീകരണങ്ങൾ അറിയിക്കേണ്ടതുമാണ്. കൂടാതെ, മേൽ ക്രമീകരണത്തിന്റെ കാര്യക്ഷമത പരിശോധിക്കുന്നതിനായി നിലവിലെ സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റും അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റും നിയതമായ രീതിയിൽ തയ്യാറാക്കി, ആയതിന്റെ പകർപ്പും പരിശോധനയ്ക്ക് നല്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചെലവ് അധികൃതമാക്കുന്നതിലും,മേൽനോട്ട സംവിധാനങ്ങളിലും വീഴ്ച

ദൈനംദിന ചെലവുകൾ നടത്തുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും കാര്യക്ഷമത ഉറപ്പുവരുത്തുന്നതിൽ സ്ഥാപനത്തിന്റെ മേൽനോട്ട സംവിധാനങ്ങൾക്ക് വീഴ്ച വരുന്നതായി രേഖകളിൽ നിന്നും വ്യക്തമാകുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് 156(4) ഡി പ്രകാരം പഞ്ചായത്തിനെ സംബന്ധിക്കുന്ന പണം കൊടുക്കലും പണം തിരികെ കൊടുക്കലും പ്രസിഡന്റ് അധികൃതപ്പെടുത്തേണ്ടതാണ്. എന്നാൽ തനത് ഫണ്ടിൽ നിന്നുള്ളചെലവു വൗച്ചറുകളൊന്നും തന്നെ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതപ്പെടുത്തിയിട്ടില്ല. ഇതുകൊണ്ട് തന്നെ ഇത്തരം ചെലവുകൾ മുഴുവൻ അനധികൃതമാകുന്നതാണ്. കൂടാതെ വൗച്ചറുകളുടെ സൂക്ഷിപ്പും കുറ്റമറ്റതല്ല. അക്കൗണ്ടുകൾ സൂക്ഷിക്കുന്നതും വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതും സാംഖ്യ സോഫ്റ്റ്വെയർ മുഖേനയാകയാൽ സാംഖ്യയിൽ നിന്നും ജനറേറ്റ് ചെയ്യുന്ന വൗച്ചർ കോപ്പി വൗച്ചറുകളുടെ ഭാഗമായി സൂക്ഷിക്കേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ ചെലവുകൾ ബന്ധപ്പെട്ട കണക്കുപുസ്തകങ്ങളുമായി ഒത്തുനോക്കാൻ കഴിയുന്നില്ല. വാർഷിക പദ്ധതികളുടെ ഭാഗമായി വിവിധ സ്ഥാപനങ്ങളുടെ/ഏജൻസികളുടെ വിഹിതമായി വകയിരുത്തുന്ന തുകകൾ ചെലവഴിക്കുമ്പോൾ വെബ് സാംഖ്യയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ സുലേഖ സോഫ്റ്റ്വെയറിൽ നിന്നും ജനറേറ്റ് ചെയ്യുന്ന ചെലവു സ്റ്റേറ്റ് മെന്റിൽ ഇവ പ്രതിഫലിക്കുന്നില്ല എന്ന അപാകതയും സ്ഥാപനത്തിൽ നിലവിലുണ്ടെന്ന് കാണുന്നു. പദ്ധതി ചെലവിനെകുറിച്ച് തെറ്റായ ചിത്രം നല്കാൻ ഇത് കാരണമാകുന്നതാണ്.

പ്രതിമാസ ചെലവുകൾ ഓഡിറ്റിന് വിധേയമാക്കുകയെന്ന പ്രധാന ചുമതല ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി വഹിക്കാത്തതാണ് ഇത്തരം അപാകതകൾക്ക് ഒരു പ്രധാന കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ പ്രതിമാസം അംഗീകരിച്ചുപോകുകയെന്ന പ്രക്രിയ മാത്രമാണ് യോഗങ്ങളിൽ നടക്കുന്നത്.പ്രതിമാസകണക്കുകളുടെ പരിശോധന ഒരു അജണ്ടയായി എല്ലാ മാസവും ഉൾപ്പെടുത്തുന്നുണ്ടെങ്കിലും

ഇത് സംബന്ധിച്ച ചർച്ചകളോ തീരുമാനങ്ങളോ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.ചെലവുകൾ അംഗീകരിച്ചുപോകുന്ന സെക്രട്ടറിയും വൗച്ചറുകളുടെ സൂക്ഷിപ്പിൽ ശ്രദ്ധ ചെലുത്തുന്നില്ലെന്ന് ഇതു സംബന്ധിച്ച അപാകതയിൽ നിന്നും വ്യക്തമാകുന്നു.സ്ഥാപനത്തിന്റെ ഉദ്യോഗസ്ഥതലത്തിലെയും വിവിധ കമ്മിറ്റിതലത്തിലെയും മേൽനോട്ടസംവിധാനത്തിന്റെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി നല്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി നല്കേണ്ടതാണ്. കൂടാതെ വിവിധ മേൽനോട്ട സംവിധാനങ്ങൾ,നിക്ഷിപ്തമായ ഉത്തരവാദിത്വത്തോടെ പ്രവർത്തിച്ച് ഇടപാടുകൾ സാധൂകരിക്കേണ്ടതും ഇതുസംബന്ധിച്ച ഒരു റിപ്പോർട്ട് ഓഡിറ്റിന് നല്കേണ്ടതുമാണ്.

## 3-2 പൊതു മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണം നടന്നില്ല

നിർവ്വഹണം ഉദ്യോഗസ്ഥൻ: അസി.എക്സി.എഞ്ചിനീയർ

സാമൂഹ്യക്ഷേമം,വികസനം,ആരോഗ്യം എന്നീ മേഖലകളിൽ നിശ്ചിതമായ വികസന ലക്ഷ്യങ്ങൾ നേടുന്നതിനായി ഓഡിറ്റ് വർഷത്തിൽ 19 പ്രൊജക്ടുകൾ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം വാങ്ങിയിരുന്നു. വികസനപ്രവർത്തനത്തിന്റെ ഭാഗമായി10 ഉം സാമൂഹ്യക്ഷേമം, ആരോഗ്യം എന്നീ മേഖലകളിൽ യഥാക്രമം 6ഉം 3 ഉം പ്രൊജക്ടുകൾക്കായി ആകെ 3.99കോടി രൂപ വകയിരുത്തിയതിൽ ആകെ 25.71 ലക്ഷം രൂപ മാത്രമാണ് വിനിയോഗിക്കാനായത്. വിനിയോഗിക്കാതെ വന്ന3.73 കോടിരൂപയിൽ കേന്ദ്രഫണ്ടായി വകയിരുത്തിയ 1.87 കോടിരൂപ കഴിച്ച് 1.86 കോടിരൂപ വികസനഫണ്ട്(1.25 കോടി) മെയിന്റനൻസ് ഗ്രാന്റ് റോഡിതരം (13.75 ലക്ഷം) മറ്റ് ഗ്രാമ പഞ്ചായത്ത് വിഹിതം (7.28 ലക്ഷം) എന്നീ ഇനങ്ങളിലായി സ്ഥാപനത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസന തലവും നിർവ്വഹണാനന്തരമുള്ള മേൽസ്ഥിതിവിശേഷവും തമ്മിലുള്ള വൻവിടവ് , നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് രേഖകൾ വ്യക്തമാക്കുന്നു.പ്രൊജക്ടുകളുടെ അംഗീകാരം മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള പുരോഗതി താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ഡി.പി.സി അംഗീകാരത്തിന് സമർപ്പിച്ചതും അംഗീകാരം ലഭിച്ചതുമായ തീയതി | സാങ്കേതികാനുമതിക്ക് സമർപ്പിച്ച തീയതി | സാങ്കേതികാനുമതി ലഭിച്ച തീയതി | കരാറുകാരനെ/ നിർവ്വഹണ ഏജൻസിയെ തീരുമാനിച്ച തീയതി | കരാർ വച്ച തീയതി | നാളിതു വരെയുള്ള ചെലവ് |
|---|---|---|---|---|---|---|---|
| 1 | 24-ജെറിയാട്രിക് വാർഡ് പൂർത്തീകരണം | 30.5.17 | 17.817 | 22.8.17 | 8.9.17 ulccs | 13.11.17 | 0 |
| 2 | 25-വനിതാ വിശ്രമകേന്ദ്രം പൂർത്തീകരണം | 30.5.17 | 18.8.17 | 19.8.17 | 8.9.17 ulccs | 13.11.17 | 1342199/- |
| 3 | 26-ക്ഷീര വികസന ഓഫീസ് ക്യാന്റീൻ പരിഷ്കരണം | 30.5.17 | 24.8.17 | 29.8.17 | 8.9.17 ulccs | 13.11.17 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 28-എലിക്കുന്നമ്മൽ താമരശ്ശേരി റോഡ് | 30.5.17 | 5.8.17 | 6.8.17 | 8.9.17 ulccs | 13.11.17 | 0 |
| 5 | 33-വലിയപറമ്പത്ത് മുക്ക് ഇല്ലിയുള്ളതിൽ റോഡ് | 30.5.17 | 29.7.17 | 31.7.17 | 8.9.17 ulccs | 13.11.17 | 0 |
| 6 | 34- ഐസിഡിഎസ് ഓഫീസ് പരിഷ്കരണം | 30.5.17 | 3.8.17 | 4.8.17 | 8.9.17 ulccs | 13.11.17 | 0 |
| 7 | 36-പുറമേരി താലൂക്ക് ഹോമിയോ ആശുപത്രി ലാബ് നിർമ്മാണം | 30.5.17 | 30.3.18 | 30.3.18 | 8.9.17 ulccs | 14.3.18 | 0 |
| 8 | 38-ചെക്യാട് എളവനം നാമത്ത് താഴം പാലം | 30.5.17 | 27.12.17 | 27.3.18 | 19.8.17 ulccs | | 0 |
| 9 | 39-ജലസമൃദ്ധി | 30.5.17 | 27.2.18 | 1.3.18 | 23.3.18 ulccs | 26.3.18 | 0 |
| 10 | 47-bവളയം സിഎച്ച് സി കിണർ റിപ്പയർ | 30.5.17 | | | 11.1.18 ഗ്ര.സമിതി | | |
| 11 | 49-പായിക്കുണ്ട് ജലസേചനം രണ്ടാം ഘട്ടം | 30.5.17 | 7.8.17 | 10.8.17 | 9.2.18 ക്വട്ടേഷൻ | 21.2.18 | 538212 |
| 12 | 50-ചോയിച്ചിപറമ്പ് ജലസേചനം പൂർത്തീകരണം | 30.5.17 | 3.1.18 | 8.1.18 | 12.3.18 ക്വട്ടേഷൻ | കരാർ വച്ചിട്ടില്ല | 0 |
| 13 | 51-തയ്യുള്ളതിൽഭാഗം ജലസേചനം പൂർത്തീകരണം | 30.5.17 | 10.10.17 | 24.10.17 | 9.2.18 ക്വട്ടേഷൻ | 9.3.18 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | 53- വളയം സിഎച്ച് സി കോൺക്രീറ്റ് പിറ്റ് | 30.5.17 | 14.8.17 | 20.8.17 | 8.9.17<br>ഗ്ര.സമിതി | കരാർ വച്ചിട്ടില്ല | 0 |
| 15 | 54-കായപ്പനിച്ചി അംഗൻവാടി കെട്ടിടനിർമ്മാണം | 30.5.17 | 28.9.17 | 28.917 | 8.9.17<br>ulccs | 13.11.17 | 499939 |
| 16 | 59-കുനിങ്ങാട് അംഗൻവാടി കെട്ടിടനിർമ്മാണം | 30.5.17 | 3.8.17 | 6.8.17 | 8.9.17<br>ulccs | 14.3.18 | 0 |
| 17 | 90-എം ആർ എഫ് സെന്റർ അടിസ്ഥാന സൗകര്യം ഒരുക്കൽ | 30.5.17 | 28.9.17 | 28.9.17 | തീരുമാനമായില്ല | കരാർ വച്ചിട്ടില്ല | 0 |
| 18 | 91-144 അംഗൻവാടി കെട്ടിടം | 30.5.17 | 14.11.17 | 15.11.17 | 12.3.18<br>ക്വട്ടേഷൻ | 14.3.18 | 191133 |
| 19 | 95-വാഴയിൽ അംഗൻവാടി കെട്ടിടനിർമ്മാണം | 30.5.17 | 25.10.17 | 22.1.18 | 12.3.18<br>ക്വട്ടേഷൻ | 14.3.18 | 0 |

30.5.2017 ന് ഡി പി സി അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ആരംഭിക്കുന്നത് 3.7.2017 തീയതി മുതൽക്കാണ്. സാങ്കേതികാനുമതിയ്ക്ക് ഇവ സമർപ്പിക്കുന്നതിന് ഒരു മാസം മുതൽ രണ്ടുമാസത്തിലേറേക്കാലം ആവശ്യമായി വന്നുകാണുന്നു. സാങ്കേതികാനുമതി കാലതാമസമില്ലാതെ ലഭിക്കുന്നുണ്ടെങ്കിലും കരാറുകാരനെ/ നിർവ്വഹണ ഏജൻസിയെ തീരുമാനിക്കുന്നതിലും, തെരെഞ്ഞെടുക്കപ്പെട്ടവരുമായി കരാർ വയ്ക്കുന്നതിലും നീതീകരിക്കാനാവാത്ത കാലതാമസമുണ്ടായിട്ടുണ്ട്. കരാറിന്റെ കാര്യത്തിൽ മിക്കതിലും രണ്ടുമാസത്തിലധികം കാലവിളംബം വന്നിട്ടുണ്ട്.കരാർ വച്ച പ്രൊജക്ടുകളുടെ പ്രവൃത്തികൾ ആരംഭിച്ചോയെന്നും, ഉണ്ടെങ്കിൽ ഏതു തീയതിയിലെന്നും അളവുപുസ്തകത്തിന്റെ ലഭ്യമാകാത്തതിനാൽ വ്യക്തമല്ല.വാർഷിക പദ്ധതിയ്ക്ക് ഡി പി സി അംഗീകാരം ലഭിച്ച ഉടൻ പ്രൊജക്ടുകൾക്ക് വെറ്റിംഗ്/സാങ്കേതികാനുമതി ലഭിക്കുന്നതിനായി അവ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് സമർപ്പിക്കണമെന്ന ആസൂത്രണമാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തത് നിലവിലെ സ്ഥിതിവിശേഷത്തിന് കാരണമായതായി കാണാം.

പ്രൊജക്ടുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേർന്ന് പുരോഗതി വിലയിരുത്തിയിട്ടുണ്ടെങ്കിലും സാമ്പത്തീകവർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകുംവിധം ഇടപെടലുകൾ നടത്താനായിട്ടില്ല. എല്ലാ യോഗങ്ങളിലും നിർവ്വഹണം വേഗത്തിലാക്കാനും ചില പ്രൊജക്ടുകളുടെ കാര്യത്തിൽ സമയപരിധി നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഇവ പാലിക്കപ്പെട്ടോയെന്ന് അടുത്ത യോഗത്തിൽ പരിശോധിക്കുകയോ,നിർവ്വഹണത്തിന് തടസ്സങ്ങളുണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുകയോ ചെയ്യുന്നില്ല. സാമ്പത്തിക വർഷത്തിന്റെ തുടക്കംമുതൽ കുറേക്കാലം അസി. എഞ്ചിനീയറുടെ

തസ്തിക ഒഴിഞ്ഞുകിടന്നതാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് പ്രധാനകാരണമെന്ന് അസി.എക്സി .എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ താല്കാലിക നിയമനം ഉൾപ്പടെയുള്ള പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ച് പ്രതിസന്ധി മറികടക്കാനുള്ള ശ്രമം സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അസി.എക്സി. എഞ്ചിനീയറുടെയും ഭാഗത്തുനിന്നുണ്ടായിട്ടില്ല. ഡി പി സി അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞതരത്തിലുള്ള കാലവിളംബം ഒഴിവാക്കാനും അതുവഴി ഫണ്ടിന്റെ നഷ്ടം ഒഴിവാക്കുകയും ചെയ്യാമായിരുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സംവിധാനങ്ങൾക്കുമുണ്ടായിട്ടുള്ള മേല്പറഞ്ഞ വീഴ്ചകൾക്ക് മറുപടി ആവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ മറുപടി നല്കേണ്ടതാണ്. കൂടാതെ അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

## 3-3 ക്യാൻസർ നിർണ്ണയം-പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

പ്രോജക്ട് -ക്യാൻസർ നിർണ്ണയ ക്യാമ്പ്

പ്രോജക്ട് നം-57/2017-18

അടങ്കൽ തുക-1100000/-(4 ലക്ഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതം+7 ഗ്രാമപഞ്ചായത്ത് വിഹിതം)

ചെലവ്-933067/- രൂപ (4 ലക്ഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതം+533067 ഗ്രാമപഞ്ചായത്ത് വിഹിതം)
ബിൽ നം .12/17-18 തീ. 16.1.18-318093/- രൂപ
ബിൽ നം .24/17-18 തീ. 21.03.18-81907/- രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി വളയം

മലബാർ ക്യാൻസർ കെയർ സൊസൈറ്റിയുടെ ( M C C) സഹായ സഹകരണത്തോടെ തൂണേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന 7 ഗ്രാമപഞ്ചായത്തുകളിൽ സർവ്വേ നടത്തി ജനങ്ങൾക്കിടയിൽ ക്യാൻസർ രോഗ നിർണ്ണയം നടത്തുക എന്നതാണ് പ്രോജക്ടിലൂടെ ലക്ഷ്യമിട്ടിരുന്നത്. ഇതുപ്രകാരം 176312 പേരുടെ സർവ്വേ നടത്തുകയും ഇവരിൽ നിന്നും രോഗമുണ്ടെന്ന് സംശയിക്കുന്നവരെ മെഡിക്കൽ ക്യാമ്പിലെത്തിച്ച് പരിശോധിച്ച് രോഗനിർണ്ണയം നടത്തുകയുമായിരുന്നു ചെയ്തത്. എന്നാൽ എത്ര രോഗികളെ പുതുതായി കണ്ടെത്തിയെന്ന കാര്യത്തിൽ യാതൊരു വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല.പ്രൊജക്ട് നിർവ്വഹണത്തിൽ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.

1) ഇപ്രകാരമുള്ള ഒരു പ്രൊജക്ടിന്റെ ആവശ്യകത വ്യക്തമാക്കുന്ന ഡാറ്റയുടെ പിൻബലം പ്രൊജക്ടിനില്ല. ക്യാൻസർ രോഗസാധ്യത നിലനിൽക്കുന്ന പ്രദേശമാണ് ബ്ലോക്ക് പഞ്ചായത്ത് പരിധി എന്നതിന് മറ്റുവിധത്തിലുള്ള റിപ്പോർട്ടുകളും ലഭ്യമല്ല. കൂടാതെ പ്രൊജക്ട് നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പിലോ ,ആരോഗ്യ സ്ററാന്റിംഗ് കമ്മിറ്റിയിലോ ഉയർന്നുവന്നതായും കാണുന്നില്ല. ഇതുകൊണ്ടു തന്നെ പ്രൊജക്ട് അത്യന്താപേക്ഷിതമായിരുന്നോ എന്ന് പരിശോധിക്കപ്പെട്ടിട്ടില്ല.

2) പ്രൊജക്ട് പ്രകാരം കണ്ടെത്തുന്ന രോഗികളുടെ കാര്യത്തിൽ എന്തു തുടർപ്രവർത്തനങ്ങൾ നടത്തുമെന്ന് പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടില്ല.കണ്ടെത്തിയ രോഗികളുടെ കാര്യത്തിൽ എന്തു ചെയ്തുവെന്നത് സംബന്ധിച്ച വിശദാംശം ഫയലിലും ലഭ്യമല്ല.

3)പ്രോജക്ടിന്റെ ഉദ്ദേശ്യം, നിർവ്വഹണ രീതി എന്നിവ സംബന്ധിച്ച ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. നിർവ്വഹണ രീതിശാസ്ത്രം പ്രൊജക്ടിൽ കുറിപ്പായി രേഖപ്പെടുത്തിയിട്ടുമില്ല. വ്യക്തമായ പ്ലാനിംഗ് മുൻകൂറായി നടത്താതെയാണ് പ്രൊജക്ട് നടപ്പിലാക്കിയതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

4)29.1.18 ലെ ആർ ടി 11/2018 തസ്വഭവ നം പ്രകാരമുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക7.7.2(1)പ്രകാരം ക്യാൻസർ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള പരിശോധനാ ക്യാമ്പുകൾ സ്ഥാപനത്തിന് സംഘടിപ്പിക്കാം. എന്നാൽ സ്ഥാപനം ഇത്തരം ക്യാമ്പുകൾക്ക് പുറമെ ഈ ക്യാമ്പുകളിലേക്ക് ആളുകളെ എത്തിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മുഴുവൻ ആളുകളെയും സർവ്വേ നടത്തുന്നതിന് ആശാ വർക്കർമാർ ഉൾപ്പെടെ സന്നദ്ധ പ്രവർത്തകർക്ക് 352625/- രൂപ ഹോണറേറിയം നൽകിയിട്ടുമുണ്ട് . കൂടാതെ ഇവരെ പരിശീലിപ്പിക്കുന്നതിനുള്ള ക്ലാസ്സുകളിലും യോഗങ്ങളിലും ഭക്ഷണം നല്കിയയിനത്തിൽ മാത്രം 1.75 ലക്ഷം രൂപ വിനിയോഗിച്ചിട്ടുമുണ്ട്. 14.2.2018 ലെ 22/18 തസ്വഭവ നമ്പർ

പ്രകാരമുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക8.10പ്രകാരം ശമ്പളമോ,ഹോണറേറിയമോ പ്രൊജക്ടിൽ വകയിരുത്തി നല്കാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്.ഇതിന് നല്കിയ ഇളവിൽ മേൽ പ്രൊജക്ട് ഉൾപ്പെടില്ലെന്നും കാണാവുന്നതാണ്.ക്യാമ്പുകളിൽ പരിശോധനയ്ക്കായി സ്വമേധയാ ആളുകൾ എത്തണമെന്നിരിക്കെ , സർവ്വേയ്ക്ക് മാത്രം 5.27 ലക്ഷത്തിൽപ്പരം രൂപ വിനിയോഗിച്ചത് അംഗീകരക്കാവുന്നതല്ല.കൂടാതെ സർവ്വേയ്ക്ക് നിയോഗിക്കപ്പെട്ടവർക്ക് രോഗസാധ്യത എപ്രകാരം നിർണ്ണയിക്കാമെന്നതു സംബന്ധിച്ച വ്യക്തത വിശദമായ പ്രൊജക്ട് റിപ്പോർട്ടിന്റെ അഭാവത്തിൽ ഫയലിൽ നിന്നും ലഭ്യമാകുന്നില്ല.ക്യമ്പുകളിലേക്ക് എത്തുന്നവരുടെ സ്ക്രീനിംഗ് ആവശ്യമാണെങ്കിൽതന്നെ ശാസ്ത്രീയമായതും ചെലവുകുറഞ്ഞതും കുറ്റമറ്റതുമായ മറ്റ് മാർഗ്ഗങ്ങൾ ഇതിനായി അവലംബിക്കാമായിരുന്നു .

5) സന്നദ്ധ പ്രവർത്തകർക്ക് ഹോണറേറിയം വിതരണം ചെയ്തത് മുഴുവനായും ബാങ്ക് അക്കൌണ്ട് വഴിയല്ല.ചില സന്ദർഭങ്ങളിൽ കുറേ പേർക്കുള്ള തുക മുഴുവൻ ഒരു വ്യക്തിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽ നിന്നുമാണ് തുക വിതരണം ചെയ്തതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇടപാടിലെ സുതാര്യത പൂർണ്ണമായും ഉറപ്പുവരുത്താൻ ഇതുമൂലം കഴിഞ്ഞിട്ടില്ല.

6)മലബാർ ക്യാൻസർ കെയർ സൊസൈറ്റിക്ക് ലാബ് പരിശോധന ഉൾപ്പെടെ സാങ്കേതിക സഹായം നൽകിയതിന് 70000/- രൂപ കൈമാറിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ തുക കൈപ്പറ്റിയതിന്റെ രശീതി , സ്ഥാപനത്തിന്റെ ഇൻവോയ്സ്/ ബില്ല് എന്നിവ ഫയലിൽ ലഭ്യമല്ല.

7)പ്രോജക്ടിന്റെ ഭാഗമായി സന്നദ്ധപ്രവർത്തകർ ഗൃഹസന്ദർശനം നടത്തി സർവ്വേ നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

8) പ്രൊജക്ടിനായി 7ഗ്രാമപഞ്ചായത്തുകളുടെ വിഹിതമായി 1 ലക്ഷം രൂപ വീതം 7 ലക്ഷം രൂപ വകയിരുത്തിയതിൽ ആറ് സ്ഥാപനങ്ങൾ തുക നല്കിയിരുന്നു. ഇതിൽ നിന്നും 533067/- രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ. ബാക്കി തുക 66933/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കാതെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അവശ്യമായ ഇനത്തിനാണ് പ്രൊജക്ട് രൂപീകരിച്ചതെന്ന് ഉറപ്പുവരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥനോ ,പ്രൊജക്ടിന് അംഗീകാരം നല്കിയ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കോ കഴിഞ്ഞിട്ടില്ലെന്ന കാണാം. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. കൂടാതെ, പ്രൊജക്ട് പ്രകാരം പുതുതായി കണ്ടെത്തിയ രോഗികളുടെ എണ്ണം എത്രയെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും, ഇതിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് ചെലവ് എത്രത്തോളം സാധൂകരിക്കപ്പെടുന്നെന്ന് വിലയിരുത്തേണ്ടതുമാണ്. വിശദമായ മറുപടിക്കൊപ്പം ഇപ്രകാരമുള്ള വിലയിരുത്തലിന്റെ ഒരു റിപ്പോർട്ടും ഹാജരാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്. പ്രൊജക്ടിന്റെ ബാക്കി തുക കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കി ഇക്കാര്യം കൂടി റിപ്പോർട്ട് ചെയ്യേണ്ടതാണ്. അപാകതയുടെ അടിസ്ഥാനത്തിൽ 933067/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഏസ്റ്റിമേററ് തയ്യാറാക്കുന്നതിലും, നിർവ്വഹണത്തിലും, മേൽനോട്ടത്തിലും അപാകതകൾ -മരാമത്ത്പ്രവൃത്തികൾ ലക്ഷ്യ പ്രാപ്തിയിലെത്തുന്നില്ല

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് മേഖലയിലെ സ്പിൽ ഓവർ പ്രവൃത്തികളുടെ കാര്യത്തിൽ പ്രവൃത്തികളുടെ ഏസ്റ്റിമേററ് തയ്യാറാക്കുന്നതിലും, നിർവ്വഹണത്തിലും, മേൽനോട്ടത്തിലും അപാകതകൾ സംഭവിച്ചതായി കാണുന്നു. ഇതുകാരണം പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ലക്ഷ്യം വച്ച ഫലപ്രാപ്തി കൈവരിക്കുന്നില്ല. അപാകതകൾക്കുള്ള ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് /നം | അടങ്കൽ/ചെലവ് തുക | എ.എസ് നം/ടി.എസ് നം/<br>കരാർനം. |
|---|---|---|
| 1).ചത്യാലൻ വീട്-മാവട്ട്കളങ്ങര റോഡ് പുനരുദ്ധാരണം.(സ്പിൽഓവർ) 69/2018 | 4,95,000/-(വികസനഫണ്ട്)<br>1,82,190/- | 1)10.08.2016.,<br>2)3215/2016-17 5.11.2018, 3)4AEE/TBP |

| | | |
|---|---|---|
| | ബിൽ്നം.21/2017-18തീയ്യതി 22.03.2018 | /LSGD/16-17.26.12.2016 |
| 2)ചാപ്പകെട്ടിയപറമ്പത്ത്-വെള്ളിയോട്എൽ.പി.സ്കൂൾറോഡ് പുനരുദ്ധാരണം.(സ്പിൽഓവർ) 70/2018 | 1)4,95,000/-(വികസനഫണ്ട്)<br>2)തൻവർഷംവകയിരുത്തിയതുക 291033/-<br>3);ചെലവ്2,62,555/-.ബിൽനം.10 /2017-18,18/201718 തീയ്യതി .17.01.2018,16.03.2018 | 1).EE/TNRY/14/16-17<br>2)14345/16-17.19.11.16<br>3).AEE/TBP /9/2016-17.26.12.2016. |

<u>നിർവ്വഹണത്തിലെഅപാകതകൾ</u>

1) ക്രമനം 1പ്രകാരമുള്ള റോഡിന്റെ കാര്യത്തിൽ പ്രവൃത്തിക്ക് 2016-17 വർഷം 26.12.2016ന് കരാർ ചമച്ചുവെങ്കിലും തൻവർഷം റോഡ് പ്രവൃത്തി ഒന്നും തന്നെ നടത്തിയിട്ടില്ല. 29.04.2017ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം15/2017.18പ്രകാരം പദ്ധതി സ്പിൽഓവറാക്കി 2017-18 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി നടത്താൻ തീരുമാനമെടുത്തു. പ്രവൃത്തിയുടെ 5.11.2016ലെ സാങ്കതികാനുമതി പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് പ്രവൃത്തി ആരംഭിച്ച് 6മാസ കാലാവധിക്കുള്ളിലാണ് . എന്നാൽ 2017-18 വർഷവും 495000/- രൂപ ആകെ വകയിരുത്തിയതിൽ 182190/- രൂപയുടെ പ്രവൃത്തിമാത്രമാണ് നടത്തിയത്.

കൂടാതെ, 2016-17 വർഷം പ്രവൃത്തിയുടെ നിർവ്വഹണോദ്യോഗസ്ഥനായ അസി.എക്സി.എഞ്ചീനിയർ റോഡിന് കയറ്റവും ഇറക്കവും ഉള്ളതിനാൽ നിലവിലെ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിനടത്താൻ പ്രയാസമാണെന്ന് ഭരണസമിതിയെ അറിയിച്ചതിനെ തുടർന്ന് 5.12.2017ലെ ഭരണ സമിതി തീരുമാനംനം 118/1 പ്രകാരം എസ്റ്റിമേറ്റ് റീവൈസ് ചെയ്യുകയുണ്ടായി. റീവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ആദ്യ എസ്റ്റിമേറ്റിലെ 245മീറ്റർ നീളത്തിലും 3മീറ്റർ വീതിയിലും റീടാറിംഗ്, 160മീറ്റർനീളത്തിലും 3മീറ്റർവീതിയിലും മെറ്റലിംഗും+ടാറിംഗും പ്രവൃത്തി മുഴുവനായി ഒഴിവാക്കുകയും, നിലവിലെ റോഡ് സൈഡ് കെട്ടി സംരക്ഷിക്കലും മണ്ണിട്ട് ഉയർത്തലും പ്രവൃത്തിമാത്രം നടത്തുകയും ചെയ്തു. റോഡ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ നിർവ്വഹണോദ്യോഗസ്ഥനായ അസി.എക്സി.എഞ്ചീനിയർ സ്ഥല പരിശോധന നടത്തിയിട്ടില്ല എന്ന് ഇതിൽനിന്നും വ്യക്തമാവുന്നു. കൂടാതെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മേൽനോട്ടവും, മോണിറ്ററിംഗും ഉണ്ടായതായി കാണുന്നില്ല.

2) ക്രമനം 2ന്റെ കാര്യത്തിൽ റോഡ് പ്രവൃത്തിക്ക് 2016-17 വർഷം 26.12.2016 ന് കരാർ ചമച്ചുവെങ്കിലും പ്രവൃത്തി പൂർത്തികരിച്ചത് 2018 മാർച്ച് മാസമാണ്. പ്രവൃത്തിയുടെ 19.11.2016ലെ സാങ്കതികാനുമതി പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് പ്രവൃത്തി ആരംഭിച്ച് 6മാസ കാലാവധിക്കുള്ളിലാണ്. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ ആകെ അടങ്കൽ തുകയായ 495000/-രൂപയിൽ 203967/-രൂപയുടെ പ്രവൃത്തി മാത്രമാണ് പൂർത്തീകരിച്ചത്. തുടർന്ന് 29.04.2017ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം15/2017-18 പ്രകാരം പദ്ധതി സ്പിൽഓവറാക്കി 291033/ രൂപ വകയിരുത്തി 2017-18 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി നടത്താൻ തീരുമാനമെടുത്തു.

കൂടാതെ ഈ പ്രവൃത്തിയുടെ കാര്യത്തിലും നിർവ്വഹണോദ്യോഗസ്ഥനായ അസി.എക്സി.എഞ്ചീനിയർ റോഡിന് കയറ്റവും ഇറക്കവും ഉള്ളതിനാൽ നിലവിലെ എസ്റ്റിമേറ്റ് പ്രകാരം പ്രവർത്തിനടത്താൻ പ്രയാസമാണെന്ന് ഭരണസമിതിയെ അറിയിച്ചതിനെ തുടർന്ന് ഭരണ സമിതി എസ്റ്റിമേറ്റ് റീവൈസ്ചെയ്യുന്നതിന്അനുമതിനൽകുകയുണ്ടയി. റീവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ആദ്യ എസ്റ്റിമേറ്റിലെ 278 മീറ്റർ നീളത്തിലും, 3.1 മീറ്റർ വീതിയിലും ടാറിംഗ് , 44 മീറ്റർ നീളത്തിലും 3.5മീറ്റർ വീതിയിലും wmm മെറ്റലിംഗും, ടാറിംഗും പ്രവൃത്തി ഒഴിവാക്കുകയും, 50മീറ്റർ നീളത്തിലും 4.75മീറ്റർ വീതിയിൽ കോൺക്രീറ്റ്, 167മീറ്റർ നീളത്തിലും 3മീറ്റർ വീതിയിലും മണ്ണിട്ട് ലവെൽ ചെയ്ത് ടാറിംഗ് പ്രവൃത്തി നടത്തുകയും ചെയ്തു.

ഇരു പ്രവൃത്തികളുടെയും കാര്യത്തിൽ റോഡ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ നിർവ്വഹണോദ്യോഗസ്ഥനായ അസി.എക്സി.എഞ്ചീനിയർ സ്ഥല പരിശോധന നടത്തിയിട്ടില്ലെന്ന് വ്യക്തമാവുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും കരാർ വച്ച പ്രവൃത്തികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിലും വന്ന വീഴ്ച, ആത്യന്തികമായി ധനനഷ്ടത്തിന് കാരണമായി എന്നിരിക്കെ ഇക്കാര്യത്തിൽ വിശദീകരണം നിർവ്വഹണോദ്യോഗസ്ഥനോട് ആവശ്യപ്പെടാതെയാണ് മരാമത്ത് പ്രവൃത്തികളുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എസ്റ്റിമേറ്റ് പുതുക്കുന്നതിനും പ്രവൃത്തികൾ സ്പിൽ ഓവറാക്കി മാറ്റുന്നതിനും ശുപാർശ ചെയ്തതും

പഞ്ചായത്ത് കമ്മറ്റി അവ പരിഗണിച്ചതും. പദ്ധതികളുടെ രൂപീകരണം, നിർവ്വഹണം, മേൽനോട്ടം ലക്ഷ്യ പ്രാപ്തി എന്നിവയുടെ വിവിധ ഘട്ടങ്ങളിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കൂടുതൽ ശക്തിപ്പെടേണ്ടതുണ്ടെന്ന് കാണാവുന്നതാണ്.

സ്ഥാപനത്തിന്റെ സാമ്പത്തികവും വികസനപരവുമായ താല്പര്യങ്ങൾക്ക അപാകതകൾ വിഘാതമായതിനാൽ ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും മറുപടി നല്കിയിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ അപാകതകൾ ആവർത്തിക്കാതിരിക്കാനും സമയബന്ധിതമായ നിർവ്വഹണം സാധ്യമാകുന്നതിനും ,അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് തലത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതും ആയതിന്റെ വിശദാംശം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 3-5 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ–മരുന്നുകൾ മുഴുവൻ ലഭ്യമായില്ല.

പ്രോജക്ട് -ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം -62/2017-18

അടങ്കൽ തുക -300000/-

ചെലവ്-300000/-(ബിൽ നം-1/2017-18)

പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് പ്രഫോർമ ഇൻവോയ്സ് നം-174 തിയ്യതി-16/05/2018 പ്രകാരം 300000/- രൂപ നിർവ്വഹണോദ്യോഗസ്ഥൻ കൈമാറിയിട്ടുണ്ട്. 221822/- രൂപയുടെ മരുന്നുകളാണ് ഹോംകോയിൽ നിന്നും ലഭ്യമായിട്ടുള്ളത്. 78178/- രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്നും ലഭിക്കുവാനുണ്ട്.

മരുന്നുകൾ മുഴുവനായും ലഭ്യമാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തൂണേരി ഗ്രാമ പഞ്ചായത്ത് | 2017-18 | 1564000 | ചെക്യാട് ഇളവനം നാമത്ത് നടപ്പാലം | 0 | 1564000 |
| തൂണേരി ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമ പഞ്ചായത്തുകൾ(നാദാപുരം ഗ്രാമപഞ്ചായത്ത് ഒഴികെ) | 2017-18 | 600000 | ക്യാൻസർ നിർണ്ണയ ക്യാമ്പ് | 533067/- | 66933/- |
| പുറമേരി ഗ്രാമപഞ്ചായത്ത് | 2017-18 | 400000 | അംഗൻവാടി | 0 | 400000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1500000 | വയോജന കേന്ദ്രത്തിൽ ഫർണ്ണിച്ചർ/ഉപകരണങ്ങൾ വാങ്ങൽ | 1202925 | 297075 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| IAY ഹോം ലോൺ | GO(P) Y No.220/13 തസ്വഭവ തി.13.06.2013 | | 1387449 | 198207/- | 175794 | 1189242 |

## 4-5 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2002-03 | 11(2) 114 | തുണേരി മൃഗാശുപത്രി ക്വാർട്ടേഴ്സ് | 1)ഫൈനൽ ബിൽ ഓഡിറ്റിന് നൽകണം 2)പരിശോധിച്ച് നിയമസഭ സമിതിക്ക് റിപ്പോർട്ട് നൽകണം |
| 2001-02 | | 2003-04 | 4.13 150 | മുൻകൂർ തുകയും അനുബന്ധ സാധനങ്ങളും നൽകിയിട്ടും പ്രവൃത്തി തുടങ്ങിയില്ല. | |
| 2001-02 | 8-5,9,10 | 2005-06 | 2.70.4.8 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല (പൊതു പരാമർശം) | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1999-00 | 34,43 | ശ്രീ.ടി.ടി കുഞ്ഞിക്കണാരൻ സെക്രട്ടറി (റിട്ടയേർഡ്) 'സുഗമ', കൊയിലാണ്ടി, LSGD | LF/6206 /SPL.CELL /SC.5/03Dt. 24.07.2004 | 11454 | - | - | | - | - | 11454 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82258871.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58266321 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 933067 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 933067 | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി വളയം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ശശീന്ദ്രൻ പി.കെ | മെഡിക്കൽ ഓഫീസർ.<br>സി.എച്ച്.സി വളയം | പടിഞ്ഞാറെ കുഞ്ഞിപ്പിലാക്കണ്ടി<br>പാതിരിപ്പറ്റ പി.ഒ<br>കുന്നമ്മൽ . 673507 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | ഖണ്ഡിക എണ്ണം |
|---|---|---|---|
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി.<br>പി.7/856/2018(3)<br>തി.25.05.2018 | 34,43 | 2 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.<br>പി.7/856/2018(4)<br>തി.25.05.2018 | 38,39,41 | 3 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.<br>പി.7/856/2018(5) | 9, 16 | 2 |

| | | | |
|---|---|---|---|
| | തി.25.05.2018 | | |
| 2001-02 -വരവ് | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018(6) തി.25.05.2018 | 8(5),10 | 2 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018 തി.25.05.2018 | 3-8 | 1 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018 തി.25.05.2018 | 3-6,3-8, 3-9, 3-12, 3-14, 3-15, 3-16 | 7 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018 തി.25.05.2018 | 3-9,3-12, 3-19 (b) | 3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018 തി.25.05.2018 | 3-6,3-10 | 2 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018 തി.25.05.2018 | 3-5,3-6(3) | 2 |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018 തി.25.05.2018 | 3-1(4), 3-1(5), 3-2. 3-3, 3-5 | 5 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018 തി.25.05.2018 | 3-4, 3-5, 3-6. 3-9, 3-10 | 5 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. | 2-1,3-1, 3-2, 3-3, 3-4, | 12 |

| | | | |
|---|---|---|---|
| | പി.7/494/2017<br>തി.11.07.2017 | 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.<br>പി.7/1530/2017<br>തി.26.03.2018 | 2-1, 2-2, 3-1, 3-3(2), 3-3(3),3-3(4), 3-3(5), 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 | 20 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം.1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ,

ജില്ല ഓഡിറ്റ് കാര്യാലയം,കോഴിക്കോട്